D3/742/21/GECTCR ഗവ:എഞ്ചിനീയറിംഗ് കോളേജ്,

തൃശ്ശൂർ ,തിയ്യതി 28.09.2021

## ക്വട്ടേഷൻ നോട്ടീസ്

തൃശ്ശൂർ ഗവ:എഞ്ചിനീയറിംഗ് കോളേജിൽ ഒരു വർഷത്തേക്ക് കാൻറീൻ നടത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻറെ പുറത്ത് ക്വട്ടേഷൻ നമ്പർ ഡി 3/18/21-22 എന്ന് എഴുതേണ്ടതാണ്.പ്രസ്തുത ക്വട്ടേഷൻ 28.10.2021 2 മണിക്ക് മുൻപായി പ്രിൻസിപ്പാളിന് ലഭിക്കേണ്ടതാണ് .ക്വട്ടേഷനുകൾ 29/10/2021 രാവിലെ 11 മണിക്ക് ബന്ധപ്പെട്ട കോൺട്രാക്ടർമാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. ഈ നോട്ടീസിനോടനുബന്ധിച്ച് ഉള്ള പട്ടികയിൽ പറയുന്ന ആഹാര സാധനങ്ങൾക്കുള്ള സ്റ്റാൻഡേർഡ് അളവും തൂക്കവും നിരക്കും ക്വട്ടേഷനിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്.

1. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 25,000/- രൂപയുടെ ഡി ഡി പ്രിൻസിപ്പാളിൻറെ പേരിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. കാൻറീൻ കരാറിൻറെ ആദ്യത്തെ മൂന്നു മാസത്തിൽ രണ്ട് മാസം നിരീക്ഷണ കാലവും അതിനുശേഷം പരാതികൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതിന് ഒരു മാസം കൂടി സമയം നൽകുന്നതുമായിരിക്കും. വീണ്ടും പരാതി ഉണ്ടെങ്കിൽ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുന്നതായിരിക്കും
3. കോൺട്രാക്ടർ ചുരുങ്ങിയത് 2 വർഷം കാൻറീൻ /ഹോട്ടൽ നടത്തുന്നവരും അല്ലെങ്കിൽ നടത്തി പരിചയം ഉള്ളവരുമായിരിക്കണം.
4. ക്വട്ടേഷനോടൊപ്പം ഒറിജിനൽ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഹോട്ടൽ നടത്തുന്നവർ പഞ്ചായത്ത് / മുനിസിപ്പൽ സെക്രട്ടറിമാർ / സ്ഥാപനമേധാവി വിതരണം ചെയ്ത ലൈസൻസ്/ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. കോൺട്രാക്ടർ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തിയാൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതായിരിക്കും.
6. കരാർ ലഭിക്കുന്ന വ്യക്തി 220 രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ പ്രിൻസിപ്പാൾക്ക് ഉടമ്പടി നൽകേണ്ടതും 40, 000/- രൂപയുടെ FDR,TDR അല്ലെങ്കിൽ ബാങ്ക് ഗ്യാരണ്ടി നിക്ഷേപ തുക ആയി നല്കേണ്ടതാണ്.
7. കരാറുകാരൻ കാലാവധിക്കുള്ളിൽ കാൻറീൻ നിർത്തിപ്പോകുന്ന പക്ഷം നിക്ഷേപ തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്.
8. കാൻറീനിൽ ആവശ്യമായ വെള്ളം,ഫർണീച്ചർ എന്നിവ ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നതാണ് . ആയതിൻറെ വാടക 2000/-രൂപ എല്ലാ മാസവും 5-)o തീയതിക്കുള്ളിൽ ഓഫീസിൽ അടക്കേണ്ടതാണ്.
9. വൈദ്യുതി ഉപയോഗിക്കുന്നതിന് വൈദ്യുതിയുടെ അതാത് കാലത്തെ താരിഫ് അനുസരിച്ച് എല്ലാ മാസവും അടക്കുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്. ആയത് എല്ലാ മാസവും 10-)o തീയതി.ക്കുള്ളിൽ ഈ ഓഫീസിൽ അടക്കേണ്ടതാണ്.
10. കാൻറീൻ ജീവനക്കാർ വിദ്യാർഥികളോടും ജീവനക്കാരോടും മാന്യമായ രീതിയിൽ പെരുമാറേണ്ടതും നല്ല രുചിയോടും വൃത്തിയോടും കൂടി ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം കാൻറീൻ കരാർ റദ്ദാക്കുന്നതായിരിക്കും.
11. കാൻറീനിൽ തന്നെ പാചകം ചെയ്ത ഭക്ഷണപദാർഥങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. പുറമെ നിന്ന് ഭക്ഷണപദാർഥങ്ങൾ വാങ്ങി വിതരണം ചെയ്യാൻ പാടുള്ളതല്ല.

Draft #10 of File D3/742/21/GECTCR Approved by Principal in Charge on 28-Sep-2021 03:08 PM - Page 1

12. ചുരുങ്ങിയ വിലയുടെ അടിസ്ഥാനത്തിലല്ല കരാർ ഉറപ്പിക്കുന്നത് . കരാർ ഉറപ്പിക്കുന്നതിനും റദ്ദാക്കുന്നതിനും പ്രിൻസിപ്പാളിന് പൂർണ്ണ അധികാരമുണ്ട് .

13. കാന്റീൻ കമ്മിറ്റിയുടെ നിർദേശങ്ങൾ അനുസരിച്ചു മാത്രമേ കാന്റീൻ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ .

14. വില നിശ്ചയിച്ചു കഴിഞ്ഞാൽ കരാർ കഴിയുന്നതു വരെ യാതൊരു കാരണവശാലും വില കൂട്ടി നൽകുകയില്ല.

15. കരാറിൽ പറഞ്ഞ ഭക്ഷണപദാർഥങ്ങൾക്ക പുറമെ മറ്റ് ഭക്ഷണപദാർഥങ്ങൾ വിതരണം ചെയ്യണമെങ്കിൽ പ്രിൻസിപ്പാളിൻറെ അനുവാദം വാങ്ങേണ്ടതാണ്.

16. കാന്റീൻ ജീവനക്കാരന് ഹെൽത്ത് കാർഡ് നിർബന്ധമാണ്.

17. മുനിസിപ്പൽ സർട്ടിഫിക്കറ്റ്,ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്,മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ കരാറുകാരൻ തന്നെ സംഘടിപ്പിക്കേണ്ടതാണ്.

18. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നതും കാന്റീൻ കമ്മിറ്റി നിശ്ചയിച്ചതുമായ ഭക്ഷണപദാർഥങ്ങളുടെ ലിസ്റ്റ് ഓരോ ദിവസവും കാലത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഓരോ ദിവസത്തെയും കൃത്യമായ Menu നേരത്തെ പ്രദർശിപ്പിക്കേണ്ടതാണ്.

19. കാന്റീൻ പ്രവർത്തന സമയം രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ ആയിരിയ്ക്കും .

20. സർക്കാർ അവധി ദിവസങ്ങളിൽ കാന്റീൻ മുടക്കമായിരിക്കും..എന്നാൽ പ്രത്യേക സാഹചര്യത്തിൽ പ്രിൻസിപ്പാളിൻറെ അനുവാദത്തോടു കൂടി അത്തരം ദിവസങ്ങളിൽ കാന്റീൻ പ്രവർത്തിക്കാവുന്നതാണ്.

21. ബില്ലിംഗ് മെഷീൻ ഉപയോഗിച്ച് മാത്രം കച്ചവടം നടത്തേണ്ടതാണ്.

22. ഈ കാന്റീനിനു പുറമേ ഒരു Teashop/Coffeeshop പ്രവർത്തനം കൂടി ഉള്ളതിനാൽ ലിസ്റ്റിൽ പെടാത്ത വിഭവങ്ങൾ ഒരു കാരണവശാലും വിതരണം ചെയ്യാൻ പാടുള്ളതല്ല..

23. മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുവെങ്കിൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതും നിക്ഷേപ തുക. സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്

പ്രിൻസിപ്പാൾ

Draft #10 of File D3/742/21/GECTCR Approved by Principal in charge on 28-Sep-2021 03:08 PM - Page 2

നമ്പർ D3/742/21/GECTCR

ഗവ:എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ

28.09.2021

കാൻറീൻ ക്വട്ടേഷൻ

ക്വട്ടേഷൻ നമ്പർ ഡി 3/18/21-22

| ക്രമ നമ്പർ | ഇനവിവരം | അളവ്/തൂക്കം |
|---|---|---|
| 1 | ഊണ്(ചോറ് ആവശ്യാനുസരണം ,സാമ്പാർ, മീൻ ചാറ്, 2 കറികൾ, കൂട്ടുകറി, തോരൻ,ഉപ്പിലിട്ടത്,പപ്പടം, മോര്/ രസം | |
| 2 | ഇഡലി | 80 ഗ്രാം (സാമ്പാർ +ചട്ണി ) |
| 3 | ഇടിയപ്പം | 80 ഗ്രാം |
| 4 | വെള്ളേപ്പം | 80 ഗ്രാം |
| 5 | പൂരി (Standard) | 2+ മസാല |
| 6 | പഴംപൊരി | 40 ഗ്രാം |
| 7 | സുഖിയൻ | 50 ഗ്രാം |
| 8 | സാധാ ദോശ | 80 ഗ്രാം (സാമ്പാർ +ചട്ണി ) |
| 9 | മസാല ദോശ | 150 ഗ്രാം (സാമ്പാർ +ചട്ണി) |
| 10 | നെയ്യ് ദോശ | 100 ഗ്രാം (സാമ്പാർ +ചട്ണി) |
| 11 | പരിപ്പ് വട | 40 ഗ്രാം |
| 12 | ഉള്ളി വട | 50 ഗ്രാം |
| 13 | ഉഴുന്ന് വട | 40 ഗ്രാം |
| 14 | ചപ്പാത്തി | 80 ഗ്രാം |
| 15 | പൊറോട്ട | 100 ഗ്രാം |

Draft #10 of File D3/742/21/GECTCR Approved by Principal in Charge on 28-Sep-2021 03:08 PM - Page 3

| | | |
|---|---|---|
| 16 | സമൂസ | 80 ഗ്രാം |
| 17 | പുട്ട് | 80 ഗ്രാം |
| 18 | കടല കറി | 80 ഗ്രാം |
| 19 | ബജി | 50 ഗ്രാം |
| 20 | ചായ (നല്ലയിനം ചായ, ശുദ്ധമായ മിൽമ പാൽ , പഞ്ചസാര ) | 120 ml |
| 21 | ബ്രൂ കോഫീ | 100 ml |
| 22 | കട്ടൻ ചായ | 100 ml |
| 23 | പാലും വെള്ളം | 120 ml |
| 24 | മുട്ട കറി( 1 മുട്ട ) | 100 ഗ്രാം |
| 25 | ബിരിയാണി (വെജിറ്റേറിയൻ-സലാഡ്, പപ്പടം,അച്ചാർ ) | 200 ഗ്രാം |
| 26 | ബിരിയാണി (ചിക്കൻ -സലാഡ്,പപ്പടം,അച്ചാർ ) | 200 ഗ്രാം Rice + 150 ഗ്രാം ചിക്കൻ |
| 27 | ഓംലറ്റ് | 1 മുട്ട |
| 28 | ലൈം ജ്യൂസ് | 180 ml |
| 29 | കപ്പ | 200 ഗ്രാം |
| 30 | വെജിറ്റബിൾ കുറുമ | 50 ഗ്രാം |

I in Charge on 28-Sep-2021 03:08 PM - Page 4